പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3556. 15.03.2018-ൽ മറുപടിക്ക്

ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീ. സി. ദിവാകരൻ

" ആർ. രാമചന്ദ്രൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. മുഹമ്മദ് മുഹ്സിൻ.പി

ഉത്തരം

ശ്രീ. എ.സി. മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലനിൽപ്പ് പ്രതിസന്ധിയിലായ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ സ്ഥിതി വിശകലനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ജിയോ ടാഗിംഗ് മുഖേന, അത്തരം 602 യൂണിറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രതിസന്ധിയിലായ ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് വേണ്ടി ഫണ്ട് രൂപീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ബി) | ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, വ്യവസായ വികസന ഓഫീസർമാർ, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാണിജ്യ സ്ഥാപനങ്ങളിലെ (ധനകാര്യം, സാങ്കേതികം, വാണിജ്യം) വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ -കളെ കണ്ടെത്തുകയും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായ മിത്ര'യെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ വ്യവസായ സംരംഭങ്ങൾക്ക് ധനസഹായവും വായ്പയും നൽകുന്നത് കേരള എം.എസ്.എം.ഇ. പുനർജ്ജീവന ട്രസ്റ്റ് ഫണ്ടാണ്. ഈ ട്രസ്റ്റ് ഫണ്ടിൽ 100 കോടി രൂപ കോർപ്പസ് ഫണ്ടും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകൾ |

| | | | |
|---|---|---|---|
| | | | (അർബൻ, ജില്ലാ സഹകരണ ബാങ്ക് , പ്രാഥമിക സഹകരണ ബാങ്ക്) എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു.<br>2018-19 ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി . സംസ്ഥാനത്തിന്റെ സമാനവിഹിതമായ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**